# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/ALP/BP/692/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 06/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
2.അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ.

നമ്പർ: KSA/ALP/BP/692/2022 തീയ്യതി: 06/07/2022

# ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ.ജി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-04-2022 | 19-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 19-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അജിത.പി.സി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.എസ്.ഹർഷൻ | സെക്രട്ടറി | 01-04-2019 | 31-10-2019 |

| | | | |
|---|---|---|---|
| ശ്രീമതി.സുലജ.ആർ | സെക്രട്ടറി | 01-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സാറാ ടി. ജോൺ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2019 | 25-06-2019 |
| ശ്രീ. അനിൽകുമാർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 26-06-2019 | 07-07-2019 |
| ശ്രീമതി.സീന.വി.എം | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 08-07-2019 | 28-02-2020 |
| ശ്രീ. അനിൽകുമാർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-03-2020 | 31-03-2020 |
| ശ്രീമതി.വിജയലക്ഷ്മി.സി.ഐ | സി.ഡി.പി.ഒ | 01-04-2019 | 31-03-2020 |
| ശ്രീ.ജിപ്സൺ ജോസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ജിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഇന്ദു.എൽ.ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ.ഗോകുൽരാജ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രീതി.കെആർ | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ചിത്ര.കെ.ബി | മെഡിക്കൽ ഓഫിസർ,സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിജി.പി | എസ്.സി.ഡി.ഒ. | 01-04-2019 | 28-05-2019 |
| ശ്രീമതി.ജലജ.ഡി | എസ്.സി.ഡി.ഒ. | 29-05-2019 | 06-06-2019 |
| ശ്രീ.തോമസ്സ് മാത്യു.ജെ | എസ്.സി.ഡി.ഒ. | 07-06-2019 | 31-07-2019 |
| ശ്രീ.ആർ.രാജേഷ് | എസ്.സി.ഡി.ഒ. | 01-08-2019 | 25-10-2019 |
| ശ്രീ.ബാബു.വി.എസ്സ് | എസ്.സി.ഡി.ഒ. | 26-10-2019 | 25-11-2019 |
| ശ്രീമതി.ബിജു സുന്ദർ | എസ്.സി.ഡി.ഒ. | 26-11-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.S Mayadevi (Asst. Audit Officer, On 16-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: C.S Mayadevi (Asst. Audit Officer, On 16-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: C.S Mayadevi (Asst. Audit Officer, On 21-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 06-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: C.S Mayadevi (Asst. Audit Officer, On 16-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: C.S Mayadevi (Asst. Audit Officer, On 16-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.S Mayadevi (Asst. Audit Officer, On 16-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 06-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 02-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 06-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 02-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Mini.P.Radhakrishnan (Audit Officer, On 02-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 02-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-9 |
| 11 | വനിതകൾക്ക് ഗാർമെന്റ് യൂണിറ്റ് - തയ്യൽ യൂണിറ്റിന്റെ പ്രവർത്തനം പ്രശംസനീയം<br>Written By: C.S Mayadevi (Asst. Audit Officer, On 21-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-10 |
| 12 | കൊയ്ത്തുമെതി യന്ത്രം -രസീത് പിരിവിലേയും യന്ത്ര പരിപാലനത്തിലെയും വീഴ്ചകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 21-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 06-07-2022) | 1-11 |
| 13 | വാട്ടർ അതോറിറ്റിയിൽ മിച്ചം നിൽക്കുന്ന 2,67,122/-രൂപ തിരികെ ലഭിച്ചിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 21-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-12 |
| 14 | സൗര വൈദ്യുത നിലയം നിക്ഷേപിച്ച തുക തിരികെ ലഭിച്ചത് സർക്കാരിലേക്ക് അടച്ചില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 21-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-13 |
| 15 | പഠനമുറി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്<br>Written By: Sindhya.P (Asst. Audit Officer, On 19-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 06-07-2022) | 1-14 |

| | | |
|---|---|---|
| 16 | പൂമാട്ടി പുഞ്ച ലിഫ്റ്റ് ഇറിഗേഷൻ-പഞ്ചായത്ത് വിഹിതം 1,39,022/- രൂപ തിരികെ നൽകിയിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 21-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-15 |
| 17 | കാലിത്തീറ്റ വാങ്ങൽ സബ്സിഡി - രേഖകൾ പൂർണമല്ലാത്തത് സംബന്ധിച്ച്<br>Written By: Sindhya.P (Asst. Audit Officer, On 21-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 06-07-2022) | 1-16 |
| 18 | ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ് - വിനിയോഗ വിവരം, ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കിയില്ല<br>Written By: Sindhya.P (Asst. Audit Officer, On 19-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-17 |
| 19 | കേരളോത്സവം -24,870/- രൂപ റിക്കപ്പ് ചെയ്തിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 02-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 06-07-2022) | 1-18 |
| 20 | അഗതി രഹിത കേരളം -വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 21-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 1-19 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S Mayadevi (Asst. Audit Officer, On 19-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: C.S Mayadevi (Asst. Audit Officer, On 19-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: C.S Mayadevi (Asst. Audit Officer, On 19-04-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 19-04-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: C.S Mayadevi (Asst. Audit Officer, On 19-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 06-07-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: C.S Mayadevi (Asst. Audit Officer, On 19-04-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 02-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 02-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 18-06-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 02-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 02-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 29-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 02-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 06-07-2022) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

128771800/- രൂപ ആകെ വരവും 127926800/- രൂപ ചെലവും 845000/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന 2019-20 വർഷത്തേക്കുള്ള ബഡ്ജറ്റ് 30.03.2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 1.6.2020 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ച് അപാകതകൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് 24601336 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ചെലവ് 23853737 രൂപ. 747599/-രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

2)വികസന ഫണ്ട് (എസ് സി പി)അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് 13784821 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ചെലവ് 12986336 രൂപയും. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

3) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

4). താഴെ ചേർത്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലെ തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള തുക | റിമാർക്ക്സ് |
|---|---|---|---|
| കോപ്പറേറ്റീവ് ബാങ്ക്- കമ്പൈൻഡ് ഹാർവെസ്റ്റർ | 224478 | 345051 | 2018-19 വർഷത്തെ നീക്കിയിരിപ്പ് തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| ട്രഷറി റ്റി എസ് ബി -ജനറൽ പർപ്പസ് ഗ്രാന്റ് | 3645421 | 792475 | |

5) ഷെഡ്യൂൾ B-17 പ്രകാരം താഴെ ചേർത്തിട്ടുള്ള തുകകൾ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ഇവയുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനായി ബാങ്ക് പാസ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ഇനം |
|---|
| ട്രഷറി റ്റി എസ് ബി നബാർഡ് അസിസ്റ്റൻസ് |
| എസ് ബി ഐ എം കെ എസ് പി |
| ഐ ഓ ബി നിർമൽ പുരസ്കാർ |
| ചെറിയനാട് സർവീസ് കോപ്പറേറ്റീവ് സൊസൈറ്റി |

6) ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/18.4.2022) മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 48349283 |

| | |
|---|---|
| വരവ് | 46214527 |
| ആകെ | 94563810 |
| ചെലവ് | 51710556 |
| നീക്കിയിരിപ്പ് | 42853254 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 34271000 | 34271000 | 24601336 | 9669664 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 21828000 | 21828000 | 13784821 | 8043179 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 271000 | 271000 | 36000 | 235000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4483000 | 4483000 | 2696575 | 1786425 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 90 | 74220079 | 77 | 41933656 | 9 | 4 | 86 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

(ആരംഭിക്കാതെ ഉപേക്ഷിച്ചവ)

1) 128/20 സ്വയം തൊഴിലിന് പിക് അപ് ഓട്ടോറിക്ഷ

2) 131/20 സ്വയം തൊഴിലിന് പിക് അപ് ഓട്ടോറിക്ഷ(എസ്. സി)

3) 151/20 വനിതകൾക്ക് ഉല്പാദനസംരംഭങ്ങൾക്ക് സബ്സിഡി

4) 153/20 തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്തിലെ 146-ാം നമ്പർ അംഗനവാടി കെട്ടിടം പുനർനിർമ്മാണം- ബ്ലോക്ക് വിഹിതം നല്കൽ

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.04.2022-ന് 12.30pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് കണ്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

താഴെപ്പറയുന്ന കാര്യങ്ങൾ ഒഴിച്ചാൽ, ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണ്.ബ്ലോക്ക് പഞ്ചായത്തിന്റെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ, നിലവിലുള്ള ആസ്തികൾ എന്നിവ മാത്രം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കോളനികളുടെ സമഗ്രവികസനത്തിനായുള്ള പ്രോജക്ടുകളുടെ മോണിട്ടറിംഗ് ഫലപ്രദമായി നടത്തുന്നില്ല. മിനിട്സുകൾ പരിശോധിച്ചതിൽ, എസ്സ്.സി.പി മേഖലകളിൽ ആവശ്യമുള്ള പദ്ധതികൾ ചർച്ചചെയ്യപ്പെടുന്നില്ല. കമ്മറ്റികളിൽ എസ്സ്.സി.പി മേഖലകളിൽ ആവശ്യമുള്ള പദ്ധതികൾ ചർച്ചചെയ്യപ്പെടുകയും നടപ്പിലാക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗും അനിവാര്യമാണ്. ബ്ലോക്ക് തലത്തിൽ സ്വയം തൊഴിൽ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. കൊയ്ത്തുമെതിയെന്ത്രം പോലുള്ള ആസ്തികളുടെ സംരക്ഷണ ചുമതല നിർവഹിക്കുന്നതിൽ കാര്യക്ഷമമായ ഇടപെടലുകൾ

നടത്തേണ്ടതാണ്.

## 1-10 വനിതകൾക്ക് ഗാർമെന്റ് യൂണിറ്റ് - തയ്യൽ യൂണിറ്റിന്റെ പ്രവർത്തനം പ്രശംസനീയം

(പ്രോജക്ട് നം. S083/2019-20)

വ്യവസായ വികസന ഓഫീസർ 2019-20 വർഷം വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതി നടപ്പാക്കുന്നതിനായി ആവിഷ്കരിച്ചതാണ് വനിതകൾക്ക് ഗാർമെന്റ് യൂണിറ്റ്. മികച്ച പ്രവർത്തന ലാഭം ഉണ്ടാക്കുകയും സ്വയംതൊഴിൽ യൂണിറ്റ് എന്ന നിലയിൽ വായ്പതുക സമയപരിധിക്ക് മുൻപായി അടച്ച് തീർക്കുകയും ചെയ്തിട്ടുണ്ട്.

പ്രോജക്ട് പ്രകാരം ചെറിയനാട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി തയ്യൽ യൂണിറ്റിന് 200000 രൂപ സബ്സിഡിയായി അനുവദിച്ചിരുന്നു. ഇതനുസരിച്ച് പ്രസ്തുത യൂണിറ്റ് ഐ ഓ ബി ബാങ്കിൽ നിന്ന് രൂപ വായ്പ അനുവദിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക ബാങ്കിലെ സസ്പെൻസ് ഹെഡ്ഡിൽ നിക്ഷേപിക്കുകയും ചെയ്തിരുന്നു. 06-04-2022 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന്(നം.2) പ്രസ്തുത യൂണിറ്റിന്റെ ക്യാഷ് ബുക്ക്, പാസ് ബുക്ക് മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതിൽ ടി യൂണിറ്റ് വളരെ മികച്ച രീതിയൽ പ്രവർത്തന ലാഭമുണ്ടാക്കിയതായുംവായ്പ തുക നിശ്ചിത സമയ പരിധിയ്ക്ക് മുൻപ് തന്നെ തിരികെ അടച്ച് തീർന്നിട്ടുള്ളതായും ബോദ്ധ്യപ്പെട്ടു.

കോവിഡ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിലേക്കാവശ്യമായ മാസ്ക് തയ്യ്ച് നൽകൽ, സ്ത്രീകൾക്കും കുട്ടികൾക്കുവേണ്ടിയുള്ള വസ്ത്രങ്ങൾ, കുട്ടികൾക്കുള്ള സ്കൂൾ യൂണിഫോമുകൾഎന്നിവ തയ്യ്ച് നൽകി വരുന്നു. നിലവിൽ 10 അംഗങ്ങളുള്ള യൂണിറ്റ് ചെറിയനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ മാർക്കറ്റിലെ ഒരു കടമുറിയിൽ പ്രവർത്തിച്ചുവരുന്നു. യൂണിറ്റിന്റെ മികച്ച പ്രകടനം വിലയിരുത്തി ബാങ്ക് വീണ്ടും ധനസഹായം നൽകുന്നതിന് സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്.

വ്യവസായ വികസന ഓഫീസറുടെ മേൽ നോട്ടത്തിൽ തുടർന്നും നല്ല പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കേണ്ടതും സ്ത്രീ ശാക്തീകരണം എന്ന മഹത്തായ ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

## 1-11 കൊയ്ത്തുമെതി യന്ത്രം -രസീത് പിരിവിലേയും യന്ത്ര പരിപാലനത്തിലെയും വീഴ്ചകൾ

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ എന്നിവരുടെ സംയുക്ത ഉടമസ്ഥതയിലുള്ളതാണ് കൊയ്ത്ത് മെതി യന്ത്രം. 2009 വർഷമാണ് പ്രസ്തുത യന്ത്രം ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയിട്ടുള്ളത്. ബ്ലോക്കിലെ വിവിധ പാടശേഖരസമിതികൾക്ക് വാടകയ്ക്ക് നൽകുകയും രസീത് മുഖേന വാടക ഈടാക്കി വരുകയും ചെയ്തുപോന്നു. ഇതിനായി ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ ചെങ്ങന്നൂർ ശാഖയിൽ ഒരു അക്കൌണ്ട് ആരംഭിച്ചിട്ടുണ്ട്. (അക്കൗണ്ട് നം.4005/10/01/007904). ഓഡിറ്റ് കാലയളവിൽ 4/2020 മുതൽ പ്രസ്തുതയന്ത്രം പ്രവർത്തനക്ഷമമല്ലാതെ ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

യന്ത്രത്തിന്റെ വാടക പിരിച്ചെടുക്കുന്നതിലും, വാഹനത്തിന്റെ ഉപയോഗം, പരിപാലനം എന്നിവയിലും വീഴ്ചകൾ സംഭവിച്ചതായും ഓഡിറ്റിൽ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1.രസീത് പിരിവിലെ അപാകതകൾ

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചറിന്റെ പേരിൽ ഇഷ്യൂ ചെയ്യുന്ന രസീത് ബുക്ക് മുഖേനയാണ് കൊയ്ത്ത് മെതി യന്ത്രത്തിന്റെ വാടക സ്വീകരിയ്ക്കുന്നത്. മെതിയന്ത്രത്തിന്റെ വരവ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ, രസീത് നം. 58/1340 തീയതി 17-02-2020 പ്രകാരം 24475/- രൂപ മഴക്കീർ പാടശേഖരം തിരുവൻവണ്ടൂരിൽ നിന്നും വാടക ഇനത്തിൽ വരവുണ്ട്. പാടശേഖര സമിതിക്ക് ഇതിന്റെ രസീത് ഇഷ്യൂ ചെയ്തിട്ടുണ്ടെങ്കിലും പാസ്സ് ബുക്ക് പരിശോധിച്ചതിൽ തുക ബാങ്കിൽ അടച്ചതായി കാണുന്നില്ല. 20-09-2019 ൽ ബാങ്കിൽ അടച്ച തുകയ്ക്ക് രസീത് നൽകാതിരുന്നതിനാലാണ് ടി തുകയ്ക്ക് രസീത് നൽകുന്നതെന്ന് രേഖപ്പെടുത്തിയാണ് മേൽസൂചിപ്പിച്ച രസീത് ഇഷ്യൂ ചെയ്തിട്ടുള്ളത്. 20-09-2019 ലെ പ്രസ്തുത രസീത് പരിശോധിച്ചതിൽ (രസീത് നം. 50/1340) 24475/- രൂപതന്നെ ടി പാടശേഖരത്തിൽ നിന്നും കളക്ഷൻ വന്നതായും, തുക ബാങ്കിൽ ഒടുക്ക് വരുത്തിയതായും ബോധ്യപ്പെട്ടു. (പാടശേഖര സമിതിക്കും ഇതിന്റെ രസീത് നൽകിയിട്ടുണ്ട്.) ആകയാൽ രസീത് നം. 58/1340 തീയതി 17-02-2020 പ്രകാരം ലഭിച്ച തുക ബാങ്കിൽ ഒടുക്ക് വരുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.8/2019-20) താഴെപ്പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുഴക്കീർ പാടശേഖരത്തിൽ നിന്നും കൊയ്ത്തു കാലയളവിൽ ലോഗ് ബുക്ക് പ്രകാരം ലഭിക്കേണ്ടിയിരുന്ന വാടക തുക 24475/- രൂപ 20-09-2019 ലെ രസീത് പ്രകാരം അടച്ചിട്ടുണ്ടെന്നും പിന്നീട് 2020 ൽ പാടശേഖര സെക്രട്ടറി ഓഫീസിൽ എത്തിയപ്പോൾ രസീത് നൽകിയിരുന്നില്ലായെന്ന് തെറ്റിദ്ധരിച്ച് അറിവില്ലായ്മ മൂലം വീണ്ടും രസീത് എഴുതി നൽകുകയും, പ്രാഥമിക അന്വേഷണത്തിലും ലോഗ് ബുക്ക് പ്രകാരവും ഒരുപ്രാവശ്യം മാത്രമേ പാടശേഖരത്തിൽ നിന്നും തുക ലഭിച്ചിട്ടുള്ളൂവെന്നും നിലവിലെ എ.ഡി.എ അറിയിച്ചിട്ടുണ്ട്. എ.ഡി.എ ഓഫീസിലെ ക്ലർക്ക് ശ്രീ.അനിൽകുമാർ ആണ് രസീത് നൽകി തുക സ്വീകരിച്ചിട്ടുള്ളത്. രസീത് ബുക്ക് കൈകാര്യം ചെയ്യുന്നതിലെ അലംഭാവം മേലിൽ ഒഴിവാക്കേണ്ടതാണ്.

2.രസീത് ബുക്ക് പരിശോധിച്ചതിൽ ക്യാൻസൽ ചെയ്ത രസീതുകൾ കസ്റ്റോഡിയനായ എ.ഡി.എ സാക്ഷ്യപ്പെടുത്തുന്നില്ല എന്നും കാണുന്നു.

3.പ്രതി ദിന വരവുകൾ രസീതിൽ എഴുതുന്നതിനൊപ്പം തന്നെ കളക്ഷൻ രജിസ്റ്ററിലും രേഖപ്പെടുത്തി മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥന്റെസാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കുന്നില്ല.

4.കൊയ്ത്തു മെതി യന്ത്രം പ്രവർത്തിപ്പിക്കുന്ന ഓരോ മണിക്കൂറിനും 750/- രൂപയാണ് പാടശേഖരങ്ങളിൽ നിന്നും ഈടാക്കുന്നത്. എന്നാൽ വാടക നിശ്ചയിച്ചതിന്റെ കമ്മിറ്റി തീരുമാനം ലഭ്യമല്ല.

2. പരിപാലനത്തിലെ അപാകതകൾ

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി), ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സംയുക്ത ഉടമസ്ഥതയിലുള്ളതാണ് കൊയ്ത്ത് മെതി യന്ത്രമെങ്കിലും ഇതിന്റെ വരവ് ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമാക്കുന്നില്ല. പാടശേഖരങ്ങൾക്ക് കൊയ്ത്തു മെതി യന്ത്രം അനുവദിക്കുന്നതിന് അതത് കൃഷി ഓഫീസർമാരുടെ റെക്കമെന്റേഷൻ ആവശ്യമാണ്. എന്നാൽ അപേക്ഷകളിൽ കൃഷി ഓഫീസർമാരുടെ റെക്കമെന്റേഷൻ ഇല്ല.

കൊയ്ത്ത് മെതി യന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ടെങ്കിലും വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് 30.06.2017-ൽ ജി.ഒ.(എം.എസ്) 170/07 നമ്പരായി പുറപ്പെടുവിച്ച ഉത്തരവിൽ അനുശാസിക്കും പ്രകാരം ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ലോഗ് ബുക്ക് പ്രകാരം 4/2020 ന് ശേഷം വാഹനം ഓടിയിട്ടില്ല. മഴക്കീർ പാടശേഖരത്തിൽ പ്രവർത്തനവേളയിൽ കേടുപാടുകൾ സംഭവിക്കുകയും കേടുപാടുകൾ പരിഹരിക്കാൻകഴിയാഞ്ഞ സാഹചര്യത്തിൽ പാടത്തുതന്നെ മാസങ്ങളോളം കിടക്കുന്ന അവസ്ഥയും ഉണ്ടായി. ഇൻഷ്വറൻസ് ക്ലയിം മുൻവർഷങ്ങളിൽ നഷ്ടപ്പെട്ടതിനാൽ (കൃത്യമായി അടക്കാതെ) പരിപാലനചെലവ് ലഭിക്കാത്ത സാഹചര്യമാണുള്ളത്.

നിലവിലെ എ.ഡി.എ മുൻകൈയെടുത്ത് യന്ത്രത്തിന്റെ കേടുപാടുകൾ താൽക്കാലികമായി പരിഹരിച്ച് ബ്ലോക്ക് ഓഫിസ് കോമ്പൌണ്ടിൽ യന്ത്രം എത്തിച്ചിട്ടുണ്ട്. കട്ടർ ബ്രാസ്സ്, ചേസ്സ് ഇവ തുരുമ്പെടുത്ത് നശിച്ച അവസ്ഥയിലാണ്. യന്ത്രത്തിന് ഏകദേശം 13 വർഷത്തെ ഉപയോഗം നിലവിൽ പൂർത്തിയായിട്ടുണ്ട്. കേടുപാടുകൾ പരിഹരിച്ച് പ്രവർത്തന ക്ഷമമാക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച് അഗ്രിക്കൾച്ചർ എഞ്ചിനിയറിംഗ് വിഭാഗത്തിനെക്കൊണ്ട് പരിശോധന നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വാട്ടർ അതോറിറ്റിയിൽ മിച്ചം നിൽക്കുന്ന 2,67,122/-രൂപ തിരികെ ലഭിച്ചിട്ടില്ല

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഡി4/4155/17-18-ാം നമ്പർ കത്തിൽ, 2016-17 വർഷത്തെ കുടിവെള്ള പദ്ധതികൾക്കായി നിക്ഷേപിച്ച തുകയിൽ 2,67,122/-രൂപ മിച്ചം നിൽക്കുന്നതായി ബ്ലോക്ക് പഞ്ചായത്തിനെ അറിയിക്കുകയും ടി തുക ചെറിയനാട് ഗ്രാമ പഞ്ചായത്തിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികൾക്കായി വിനിയോഗിക്കുന്ന തുകയിൽ ക്രമീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കത്ത് നൽകുന്നതിന് 08-02-2019 ലെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. (4(2)-ാം നമ്പർ തീരുമാനം). വാട്ടർ അതോറിറ്റിയിൽ മിച്ചം നിൽക്കുന്ന 2,67,122/-രൂപ തിരികെ ലഭിച്ചതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14/തീയതി 19-04-2022) ലഭിച്ച മറുപടി താഴെചേർക്കുന്നു. "ചെറിയനാട് ഗ്രാമപഞ്ചായത്തിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾക്കായി 15,00,000/- രൂപ പദ്ധതിക്കായി വകയിരുത്തി 10,00,000/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും 5,00,000/-രൂപ തനത് ഫണ്ടിൽ നിന്നും നിക്ഷേപിച്ചിട്ടുണ്ട്. ആദ്യം നിക്ഷേപിച്ച 10 ലക്ഷം രൂപയിൽ 7,32,878/- രൂപയുടെ പ്രവൃത്തി പൂർത്തിയായി. മിച്ചം നിൽക്കുന്ന 2,67,122/-രൂപ ക്രമീകരിച്ചിട്ടില്ല. ടി തുക തിരികെ ലഭിച്ചിട്ടില്ല. രണ്ടാമത്തെ എസ്റ്റിമേറ്റ് പ്രകാരം അടച്ച 5 ലക്ഷം രൂപയുടെ പ്രവൃത്തിയും പൂർത്തിയായി. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ടി വിനിയോഗ സാക്ഷ്യപത്രം കൂടി ലഭിച്ചതിനുശേഷം മിച്ചം തുകവിനിയോഗിച്ച് ടി പഞ്ചായത്തിൽ തന്നെ കുടിവെള്ള പദ്ധതിക്ക് വകയിരുത്തുന്നതും വിവരം ഓഡിറ്റിനെ അറിയിക്കുന്നതുമാണ്". വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 5 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 2,67,122/-രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയോ പുതിയ കുടിവെള്ള പദ്ധതിക്കായുള്ള പ്രോജക്ട് ആവിഷ്കരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-13 സൗര വൈദ്യുത നിലയം നിക്ഷേപിച്ച തുക തിരികെ ലഭിച്ചത് സർക്കാരിലേക്ക് അടച്ചില്ല

(പ്രോജക്ട് നം. 43/20)

സൗര വൈദ്യുത പ്ലാന്റ് സ്ഥാപിക്കൽ

ബ്ലോക്ക് പഞ്ചായത്തിൽ സൗര വൈദ്യുത പ്ലാന്റ് സ്ഥാപിക്കൽ പ്രോജക്ട് പ്രകാരം 10KW സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 814000/- രൂപ അനർട്ടിൽ നിക്ഷേപിച്ചിരുന്നു. ഇതിൻ പ്രകാരം 18.1.2021 ൽ അനർട്ട് ലഭ്യമാക്കിയ കത്ത് പ്രകാരം സോളാർ പ്ലാന്റ് പ്രവർത്തന ക്ഷമമാക്കി സൗര വൈദ്യുത നിലയം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതായി അറിയിച്ചിട്ടുണ്ട്. 27.8.2021 ൽ അനർട്ട് ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യ പത്രം പ്രകാരം 814000/- രൂപ നിക്ഷേപിച്ചതിൽ 589299/- രൂപ മാത്രമാണ് ചെലവഴിച്ചത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ശേഷിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ട് നം. 7990130000955 ൽ നിക്ഷേപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം തിരികെ ലഭിച്ച 224701/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിവരങ്ങൾ, പ്രസ്തുത സൗര വൈദ്യുത നിലയത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6 തീയതി,10-04-22) ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

“സൗര വൈദ്യുതപ്ലാന്റ് കെ എസ് ഇ ബി പവർഗ്രിഡുമായി ബന്ധിപ്പിട്ടുണ്ട്. 2016-17 മുതൽ പ്രവർത്തിച്ചുവരുന്ന നിലയം കെ.എസ്.ഇ.ബി ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. അതിന്റെ എക്സ്റ്റൻഷൻ എന്ന നിലയിൽ ആണ് 10 കെ.ഡബ്ല്യു. പ്ലാന്റ് കൂടി സ്ഥാപിച്ചിട്ടുള്ളത്. രണ്ടിനം കെ.എസ്.ഇ.ബിയുടെ ഒറ്റ ഓൺലൈൻ നെറ്റ് മീറ്ററിലൂടെയാണ് റീഡിംഗ് നടക്കുന്നത്. കെ സ് ഇ ബി യ്ക്ക് നൽകുന്ന വൈദ്യുതിയുടെ യൂണിറ്റ് നിരക്ക് യൂണിറ്റിന് 2.75 പൈസ എന്ന സാർവ്വത്രിക നിരക്കാണ് ലഭിക്കുന്നത്. നൽകുന്ന വൈദ്യുതിയ്ക്കാനുപാതികമായി കറണ്ട് ചാർജ്ജ് ബില്ലിൽ കുറവ് ചെയ്യപ്പെടുന്നുണ്ട്. ഇത് പരിശോധിക്കപ്പെടുന്നുണ്ട്. എന്നാൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ്, ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് എന്നിവ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കാലിബ്രേറ്റ് ചെയ്ത നെറ്റ് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. അനർട്ട് ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ബാക്കി തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ട് നം. 7990130000955 ൽ നിക്ഷേപിച്ചിട്ടുണ്ട്. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ്.”

സൗര വൈദ്യുത നിലയത്തിനായി നിക്ഷേപിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 224701/- രൂപ തിരികെ സർക്കാരിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 പഠനമുറി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

പ്രോജക്ട് നം . 64/20

പേര് -എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവഹണം - എസ്.സി.ഡി.ഒ.

എസ്.സി. വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണത്തിനായി സ്പിൽ ഓവറായി നടപ്പാക്കിയിട്ടുള്ള ടി പ്രോജക്ട് പരിശോധിച്ചതിൽ നിലവിലും പഠനമുറി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|
| അക്ഷ മുരളി, ഇടയില പുരയിൽ | 180000 |
| സാന്ദ്ര.ടി.എസ്, തെങ്ങും തറയിൽ സാന്ദ്രാലയം | 180000 |
| സാന്ദ്രാ സന്തോഷ്, പ്ലാമൂട്ടിൽ | 130000 |

മേൽ ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ ഫയലുകളിലൊന്നും, ചെയ്ത പ്രവർത്തിയുടെ അളവ് സംബന്ധിച്ച ഓവർസിയറുടെ വാല്യുവേഷൻ ഇല്ലാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 09/2019-20ന് മറുപടി നൽകിയിട്ടില്ല. ടി പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നം. | തുക |
|---|---|
| 01/19-20/26-04-2019 | 50000/- |
| 02/19-20/26-04-2019 | 100000/- |
| 03/19-20/26-04-2019 | 100000/- |
| 04/19-20/26-04-2019 | 50000/- |
| 05/19-20/13-05-2019 | 150000/- |
| 06/19-20/25-05-2019 | 180000/- |
| 07/19-20/20-07-2019 | 200000/- |

| | |
|---|---|
| 08/19-20/27-07-2019 | 40000/- |
| 09/19-20/17-10-2019 | 130000/- |
| 10/19-20/18-10-19 | 130000/- |
| 11/19-20/25-10-2019 | 130000/- |
| 13/19-20/25-11-19 | 70000/- |
| 18/19-20/07-03-2020 | 90000/- |
| ആകെ | 1420000/- |

മേൽസൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ ഇതിനായി ചെലവഴിച്ച തുക 1420000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-15 പൂമാട്ടി പുഞ്ച ലിഫ്റ്റ് ഇറിഗേഷൻ-പഞ്ചായത്ത് വിഹിതം 1,39,022/- രൂപ തിരികെ നൽകിയിട്ടില്ല

പ്രോജക്ട് നം S0029/19
പ്ലാൻ ഫണ്ട് :-10,00,000(ബിൽ നം.6/31.5.2020)
ഗ്രാമ പഞ്ചായത്ത് വിഹിതം :-300000
അടങ്കൽ :- 13,00,000

ചെറിയനാട് പൂമാട്ടി പുഞ്ച ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ, എം. ബുക്ക് എന്നിവ പരിശോധിച്ചതിൽ, 2018-19 വർഷം 745596/- രൂപയും 2019-20 വർഷം 415382/- രൂപയും ഉൾപ്പടെ 1160978/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട എം.ബുക്ക്, ഫയൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഇവ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി ലഭിച്ച 3,00,000/-രൂപയിൽ 160978/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നും ബാക്കി നിൽക്കുന്ന 1,39,022/- പഞ്ചായത്തിന് തിരികെ നൽകിയിട്ടില്ലെന്നും വ്യക്തമായി. മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തുക പഞ്ചായത്തിന് തിരികെ നൽകിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം.3 തീയതി 08-04-2022). പൂമാട്ടി പുഞ്ച ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ചെറിയനാട് പഞ്ചായത്തിന് ഉപയോഗശേഷം തിരികെ നൽകുവാനുള്ള 1,39,022/- രൂപ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കാലിത്തീറ്റ വാങ്ങൽ സബ്സിഡി - രേഖകൾ പൂർണമല്ലാത്തത് സംബന്ധിച്ച്

കാലിത്തീറ്റക്ക് സബ്സിഡി നൽകുന്നതിനായി നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ ഗുണഭോക്താവ് ക്ഷീരസംഘത്തിൽ നിന്നും കാലിത്തീറ്റ വാങ്ങിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | ട്രഷറി ബിൽ നം. | തുക | ആകെ തുക |
|---|---|---|---|
| 42/20, വനിത ക്ഷീരകർഷകർക്ക് കാലിത്തീറ്റ വാങ്ങുന്നതിന് സബ്സിഡി | 16/19-20/05-03-2020 | 45500/-രൂപ | 210000/- |
| | 17/19-20/05-03-2020 | 48500/- രൂപ | |
| | 22/19-20/05-03-2020 | 44500/- രൂപ | |
| | 23/19-20/05-03-2020 | 46000/- രൂപ | |
| | 24/19-20/05-03-2020 | 25500/- രൂപ | |
| 58/20, കാലിത്തീറ്റ വാങ്ങുന്നതിന് സബ്സിഡി | 07/19-20/05-03-2020 | 40500/- രൂപ | 188500/- |
| | 10/19-20/05-03-2020 | 26000/- രൂപ | |
| | 13/19-20/05-03-2020 | 26000/- രൂപ | |
| | 15/19-20/05-03-2020 | 24000/- രൂപ | |
| | 32/19-20/11-03-2020 | 40500/- രൂപ | |
| | 33/19-20/27-03-2020 | 31500/- രൂപ | |

ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങിയതിന്റെ ക്ഷീരസംഘത്തിൽ നിന്നുള്ള രസീത്, സംഘത്തിൽ നിന്നുള്ള വിതരണ ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിനം 11/19-20/ 13-04-2022 നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥ സമർപ്പിച്ച രേഖകൾ അപൂർണവും ക്രമരഹിതമായി ഫയൽ ചെയ്തിട്ടുള്ളവയും ആയിരുന്നു. ഓരോ ട്രഷറി ബിൽ പ്രകാരവും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തുകകൾക്കനുസൃതമായി

ഗുണഭോക്താക്കൾ ക്ഷീര സംഘത്തിൽ നിന്ന് കാലിത്തീറ്റ വാങ്ങിയതിന്റെ രസീത്, സംഘത്തിൽ നിന്നുള്ള വിതരണ ലിസ്റ്റ് എന്നിവ ക്രമത്തിൽ ഫയൽ ചെയ്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 398500/-രൂപ താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു. ചെലവ് രേഖകൾ കൃത്യമാക്കിയും പൂർണമാക്കിയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ് - വിനിയോഗ വിവരം, ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കിയില്ല

പ്രോജക്ട് നം./പേര് :-9/20, ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ്

നിർവഹണം - ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ

ടി പ്രോജക്ടിൽ ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ്, ബ്ലോക്ക് പഞ്ചായത്ത് നേരിട്ടും അല്ലാതെയുമായി ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം | തുക | മറ്റ് വിവരങ്ങൾ |
|---|---|---|---|
| 01 | 01/19-20 /09-07-19 | 150000/- | 75000/-ബുധനൂർ ഗ്രാമ പഞ്ചായത്തിന് നൽകി.<br>75000/- പാണ്ടനാട് ഗ്രാമ പഞ്ചായത്തിന് നൽകി. |
| 02 | 02/19-20 /21-11-2019 | 300000/- | 94 ഗുണഭോക്താക്കൾക്ക് നൽകിയിരിക്കുന്നു. |
| 03 | 12/19-20 /09-01-20 | 75000/- | 33 ഗുണഭോക്താക്കൾക്ക് നൽകിയിരിക്കുന്നു. |
| 04 | 16/19-20 /27-02-20 | 75000/- | 15 ഗുണഭോക്താക്കൾക്ക് നൽകിയിരിക്കുന്നു. |

ക്രമ നം. 1 പ്രകാരം പിൻവലിച്ച് വിതരണം ചെയ്ത തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം (ഏത് പ്രോജക്ടിന് വേണ്ടി, എത്ര ഗുണഭോക്താക്കൾക്ക് നൽകി എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ) ബന്ധപ്പെട്ട പഞ്ചായത്തിലെ നിർവഹണോദ്യോഗസ്ഥനിൽ നിന്നും ലഭ്യമാക്കി നൽകിയിട്ടില്ല. ക്രമ നം.2,3,4 എന്നിവ പ്രകാരമുള്ള തുകകൾ ബ്ലോക്ക് പഞ്ചായത്ത് ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്തിരിക്കുകയാണ്. ടി ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകളും ഗുണഭോക്താക്കളുടെ അപേക്ഷയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04/19-20/07-04-2022 ന് മറുപടി ലഭിച്ചിട്ടില്ല. ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുക 600000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 കേരളോത്സവം -24,870/- രൂപ റിക്കപ്പ് ചെയ്തിട്ടില്ല

കേരളോത്സവം 2019 ന്റെ നടത്തിപ്പിലേക്ക് അഡ്വാൻസായി 100,000/- രൂപ നിർമൽ പുരസ്ക്കാര തുകയിൽ നിന്നും അനുവദിക്കുന്നതിന് 29-11-2019 തീയതിലെ 8(2)നമ്പർ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്. മേൽ വിവരം ശ്രദ്ധയിൽപ്പെടുത്തിയും തുക പിന്നീട് റിക്കപ്പ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7 തീയതി, 12-04-2022) മറുപടിയായി, കേരളോത്സവം 2019 ന്റെ നടത്തിപ്പിലേക്ക് നിർമൽ പുരസ്കാര തുകയിൽ നിന്നും അഡ്വാൻസായി നൽകിയ 1,00,000/- രൂപയിൽ 75,130/- രൂപ 27/12/2019 തീയതിയിലെ ബിൽ പ്രകാരം വികസനഫണ്ടിൽ നിന്നും റീക്കപ്പ് ചെയ്തിരുന്നതായും 24,870/- രൂപ ക്രമീകരിച്ചിട്ടില്ലെന്നും അറിയിച്ചു. സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും ലഭ്യമാകുന്നവിഹിതത്തിൽ നിന്നും റീക്കപ്പ് ചെയ്ത് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 24,870/- രൂപ റിക്കപ്പ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-19 അഗതി രഹിത കേരളം -വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ടിന്റെ പേര്: അഗതി രഹിത കേരളം

പ്രോജക്ട് നം.S047/20

ചെലവ് വിവരങ്ങൾ : 500000 (ബിൽ നം.19/17.7.19- )

2019-20 വർഷം അഗതി രഹിത കേരളം പ്രോജക്റ്റ് പ്രകാരം താഴെ ചേർത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്.

| ഗ്രാമപഞ്ചായത്തിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| ചെറിയനാട് | 200000 |
| ആല | 47500 |
| പുലിയൂർ | 77500 |
| തിരുവൻവണ്ടൂർ | 75000 |
| മുളക്കുഴ | 100000 |

മേൽ തുകകൾ ചെലവഴിച്ചതായുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/19.4.2022) മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ ചെലവഴിച്ച 500,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ | 43/20 ബ്ലോക്ക് പഞ്ചായത്തിന് സൗര വൈദ്യുത പ്ലാൻറ് | 12/28.6.19 | 814000 | 589299 | 224701 |
| കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ | 44/20 ചെറിയനാട് പഞ്ചായത്തിന് | 6/2.5.2020 | 1500000 | 732878 | 767122 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതിയും ഗാർഹിക കണക്ഷനും | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദ വിവരം താഴെക്കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ 2012-13 | ലഭ്യമാക്കിയില്ല | 6133132 | 1511652 | 1295921 | 162451 | 53288 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46214527 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51710556 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3418500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 5,00,000 | സുലജ.ആർ<br>സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-14 | 630,000 | ശ്രീ.ബിജി.പി<br>പട്ടികജാതി വികസന ഓഫീസർ |

| | | |
|---|---|---|
| | 2,40,000 | ശ്രീ.തോമസ് മാത്യു.ജി<br>പട്ടികജാതി വികസന ഓഫീസർ |
| | 3,90,000 | ശ്രീ.ആർ.രാജേഷ്<br>പട്ടികജാതി വികസന ഓഫീസർ |
| | 70,000 | ശ്രീ.ബാബു.വി.എസ്സ്<br>പട്ടികജാതി വികസന ഓഫീസർ |
| | 90,000 | ശ്രീമതി ബിജു.സുന്ദർ<br>പട്ടികജാതി വികസന ഓഫീസർ |
| 1-16 | 3,98,500 | പ്രീതി.കെ.ആർ<br>ഡയറി എക്സ്റ്റൻഷൻ ഓഫിസർ |
| 1-17 | 6,00,000 | വിജയലക്ഷ്മി.സി.ഐ.<br>ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫിസർ |
| 1-19 | 5,00,000 | എസ്.ഹർഷൻ<br>സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 34,18,500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുലജ.ആർ<br>സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ വനിതാ ക്ഷേമ ഓഫീസർ,<br>കൊല്ലം, കളക്ട്രേറ്റ്, കൊല്ലം | അഫ്സാ ഭവൻ<br>മുളവന.പി.ഒ,<br>കൊല്ലം |
| വിജയലക്ഷ്മി.സി.ഐ.<br>ചൈൽഡ് ഡെവലപ്പ്മെന്റ്<br>പ്രോജക്ട് ഓഫിസർ | റിട്ടയർ ചെയ്തു | ദേവീരാഗം,<br>മഹാദേവ നഗർ,<br>വലത്തുങ്കൽ.പി.ഒ. കൊല്ലം |
| പ്രീതി.കെ.ആർ<br>ഡയറി എക്സ്റ്റൻഷൻ ഓഫിസർ | ക്ഷീരവികസന എക്സ്റ്റൻഷൻ യൂണിറ്റ്,<br>മിനി സിവിൽസ്റ്റേഷൻ, ചെങ്ങന്നൂർ | ലഭ്യമല്ല |
| ബിജി.പി.<br>പട്ടികജാതി വികസന ഓഫീസർ | ലഭ്യമല്ല | തുളസി നിവാസ്<br>പോനകം<br>മാവേലിക്കര |
| തോമസ് മാത്യു.ജി<br>പട്ടികജാതി വികസന ഓഫീസർ | റിട്ടയേർഡ് | ഗ്രേസ് കോട്ടേജ്<br>പുത്തൻകാവ് പി.ഒ<br>ചെങ്ങന്നൂർ |
| ആർ.രാജേഷ്<br>പട്ടികജാതി വികസന ഓഫീസർ | എസ്സ്.സി.ഡി.ഒ<br>മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | ചൈതന്യ<br>ശൂരനാട് വടക്ക്.പി.ഒ<br>കൊല്ലം |
| ബാബു.വി.എസ്സ്<br>പട്ടികജാതി വികസന ഓഫീസർ | മാനേജർ<br>ഐ.സി.എസ്സ്.സി.റ്റി.എസ്സ്<br>തിരുവനന്തപുരം | ഉത്രാടം<br>കടപ്പനക്കുന്ന്.പി.ഒ<br>പേരൂർക്കട<br>തിരുവനന്തപുരം |

| | | |
|---|---|---|
| ബിജു.സുന്ദർ<br>പട്ടികജാതി വികസന ഓഫീസർ | റിട്ടയേർഡ് | റോസ് കോട്ടേജ്<br>സിവ്യൂ വാർഡ്<br>ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ എഫ് എ3-/310/00/തീയതി 5.10.2010 |
| 1996-97 | എൽ എഫ് എ5/87/01/തീയതി 1.6.2001 |
| 1997-98 | എൽ എഫ് എ5/87/01/തീയതി 1.6.2001 |
| 1998-99 | എൽ എഫ് എ5/87/01/തീയതി 29.9.01 |
| 2000-01 | എൽഎഫ്എ7/1298(എ)/04/തീയതി 5.8.2005 |
| 2002-03 | എൽഎഫ്ജിഎ/ബിപി അദാലത്ത്/26/14(32) തീയതി 31.3.2014 |
| 2003-04 | എൽഎഫ്ജിഎ/ബിപി അദാലത്ത്/26/14(33) തീയതി 31.3.2014 |
| 2004-05 | എൽഎഫ്എ/ബിപി അദാലത്ത്/26/14(34) തീയതി 31.3.2014 |
| 2005-06 | എൽഎഫ്എ/ബിപി അദാലത്ത്/26/14(35) തീയതി 31.3.2014 |
| 2006-07 | എൽഎഫ്എ/ബിപി അദാലത്ത്/26/14(36) തീയതി 31.3.2014 |
| 2007-08 | എൽഎഫ്എ/ബിപി അദാലത്ത്/26/14(37) തീയതി 31.3.2014 |
| 2008-09 | എൽഎഫ്എ 1577/13/12.5.14 |
| 2009-10 | എൽഎഫ്എ/ബിപി അദാലത്ത്/26/14(38)തീയതി 31.3.2014 |
| 2010-11, 2011-12 | എൽഎഫ്എ7/275/2013/3.6.13/30.6.13 |
| 2012-13 | എൽഎഫ്എപി3/364/2015/30.5.2015 |
| 2013-14, 2014-15 | കെ.എസ്.എ-എ.എൽ.പി-ബി.പി-1573/2015 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി-209/17 തീയതി.10.3.17/22.3.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-1453/17 തീയതി.7.12.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/ബി.പി-143/2019 തീയതി.08.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/ബി.പി-124/2020 തീയതി.24.04.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്